LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കെതിരെയുള്ള പരാതി

166(5755) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. അനൂപ് ജേക്കബ് എന്നിവർക്കെതിരെ അഴിമതി ആരോപിച്ച് കേരളാ കോൺഗ്രസ്സ് നേതാവ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നോ ;

(ബി) എങ്കിൽ എന്നാണ് പരാതി നൽകിയതെന്നും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രസ്തുത വ്യക്തികൾക്കെതിരെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിക്ക് 5-2-2015 തീയതിയിൽ സമർപ്പിച്ച പരാതിയുടെ പകർപ്പ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 13-4-2015 തീയതിയിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരാതിയിൽ, ബാർ, ക്വാറി, ജ്വല്ലറി, റൈസ് മിൽ ഉടമകളുമായി ബന്ധപ്പെട്ട ആരോപണം, ദേശീയ ഗെയിംസിനെ സംബന്ധിച്ചവ, ഡിസ്ക്രീറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറത്തിലെ നിയമങ്ങളിലെ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങൾ പ്രത്യേക അന്വേഷണ ഏജൻസി മുഖേന അന്വേഷണം നടത്തണമെന്ന ആവശ്യമായിരുന്നു ഉന്നയിച്ചിരുന്നത്. പ്രസ്തുത ആരോപണങ്ങളിൽ ഒന്നൊഴികെ മറ്റെല്ലാം അവ്യക്തവും പൊതുവായതും വിജിലൻസ് അന്വേഷണത്തിന് പ്രാപ്തമാകാത്ത വിധം മതിയായ കാരണങ്ങളില്ലാത്തതും ആയിരുന്നു. എന്നാൽ ഡിസ്ക്രീറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറങ്ങളിലെ നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ടുമാർക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇ-പ്രിസൺസ്

167(5756) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ വകുപ്പിനെ ഇ-പ്രിസൺസ് ഗണത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇ-പ്രിസൺസ് പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

1. സെൻട്രൽ ജയിൽ, ഉറന്ന ജയിൽ, ജില്ലാ ജയിൽ, വനിതാ ജയിൽ, സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ തുടങ്ങി എല്ലാ ജയിലുകളെയും സംബന്ധിച്ച വിവരം ജയിൽ ആസ്ഥാന കാര്യാലയത്തിലെ കംപ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുക.

2. ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള തടവുകാരെയും അവരുടെ ക്രൈമും സംബന്ധിച്ച വിവരം തയ്യാറാക്കുക.

3. ക്രീമിനൽ ജസ്റ്റിസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി, സംസ്ഥാന പോലീസ്, മറ്റ് അന്വേഷണ ഏജൻസികൾ, കോടതികൾ തുടങ്ങിയവയുമായി ബന്ധിപ്പിക്കുക.

4. വിവിധ സംസ്ഥാനങ്ങളുടെയും പോലീസ്, അന്വേഷണ ഏജൻസികൾ എന്നിവയുടെയും കൈവശമുള്ള വിവരം, തടവുകാരെ സന്ദർശിക്കുന്നവരെ സംബന്ധിച്ച വിവരം, ഫോട്ടോഗ്രാഫുകൾ എന്നിവ അന്വേഷണ ആവശ്യങ്ങൾക്കായി പരസ്പരം കൈമാറുക.

5. CrPC 436, 436(A) വകുപ്പുകൾ പ്രകാരം ജാമ്യത്തിനും ജയിലിൽനിന്നും വിടുതലിനും അർഹതയുള്ള തടവുകാരുടെ വിവരങ്ങൾ ലഭ്യമാക്കുക. CrPC 441(A) വളരെ വേഗത്തിലും സുഗമമായും നടപ്പിലാക്കുക.

6. ജയിൽ അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട കേന്ദ്ര, സംസ്ഥാന, ജില്ലാ തലത്തിലുള്ള എല്ലാ ഓഫീസുകളെയും തമ്മിൽ ബന്ധിപ്പിക്കുക.

(സി) ഇ-പ്രിസൺസ്[1] പദ്ധതി നടപ്പിലാക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 9.5 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതി നടപ്പാക്കുന്നതിനായി ടി ഇ നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly